GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

---

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/10/2026

1. കേരള കാർഷിക സർവകലാ ശാലയുടെ മണ്ണുത്തി ക്യാംപസിൽ നടത്തുന്ന ഒരു വർഷത്തെ പിജി ഡിപ്ലോമ ഇൻ ഫാം ജേണലിസം ആൻഡ് വിഷ്വൽ കമ്യൂണിക്കേഷൻ പ്രോഗ്രാമിലെ 2026-27 പ്രവേശനത്തിന് ഒക്ടോബർ 15 വരെ ഓൺലൈൻ അപേക്ഷ സ്വീകരിക്കും. ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. ആകെ 100 സീറ്റ്. പ്രഫഷനലുകൾക്കായി അധികസീറ്റുണ്ട്. അപേക്ഷാഫീ 1000 രൂപ.

പട്ടിക, ഭിന്നശേഷിവിഭാഗക്കാർക്ക് 500 രൂപ. അപേക്ഷകർ കൂടുതലുണ്ടെങ്കിൽ ഒബ്ജക്റ്റീവ് ശൈലിയിലുള്ള പ്രവേശനപരീക്ഷ നടത്തും. കൂടുതൽ വിവരങ്ങൾക്ക് 9446713249 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒക്ടോബർ 13, 14 ദിവസങ്ങളിൽ പോഷക സമൃദ്ധം - സ്വാദിഷ്ടം പരിപാടിയുടെ ഭാഗമായി **'സംരംഭകത്വ സാധ്യത നിറഞ്ഞ നൂതന അച്ചാറുകൾ'** എന്ന വിഷയത്തിൽ ദ്വിദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 1000/- രൂപ. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **ഒക്ടോബർ 15** ന് ആരംഭിക്കുന്ന "Soil Health Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ **www.celkau.in** എന്ന വെബ്സൈറ്റിലെ 'ഇ-കൃഷി

പാഠശാല' മുഖേന രജിസ്റ്റർ ചെയ്യാവുന്നതാണ്. നവംബർ 15ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്ന ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

4. കെ- അഗ്ടെക് ലോഞ്ച് പാഡ് വെള്ളായണി കാർഷിക കോളജ് ഒക്ടോബർ 23ന് സംഘടിപ്പിക്കുന്ന ഏകദിന മൈക്രോഗ്രീൻ ഉത്പാദന പരിശീലന പരിപാടിയിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. കെ-അഗ്ടെക് ലോഞ്ച് പാഡിൽ വെച്ച് രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ നടക്കുന്ന പരിശീലനത്തിൽ മൈക്രോഗ്രീൻസ് തയാറാക്കൽ, വിളവെടുപ്പ്, വിവിധ ഭക്ഷ്യവിഭവങ്ങളുടെ തയാറാക്കൽ, സംരംഭകത്വ സാധ്യതകൾ എന്നിവയിൽ പ്രായോഗിക പരിശീലനം നൽകും. പങ്കെടുക്കാൻ താല്പര്യം ഉള്ളവർ രജിസ്ട്രേഷൻ ഫീസ് ആയ 500 രൂപയടച്ച് ഒക്ടോബർ 21 ന മുൻപായി രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 9995624888 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. 2026 -ൽ റബർത്തോട്ടങ്ങളിൽ റെയിൻഗാർഡിങ്ങും സ്പ്രേയിങ്ങും നടത്തിയതിനുള്ള ധനസഹായത്തിന് റബ്ബറുത്പാദക സംഘങ്ങൾക്ക് അപേക്ഷിക്കാം. പരമ്പരാഗത മേഖലയിലും പാരമ്പര്യേതര മേഖലയിലും ഉള്ളവർക്ക് മാത്രമേ സ്പ്രേയിങ് നടത്തിയതിനുള്ള ധനസഹായത്തിന്

അർഹതയുള്ളു. റബ്ബർബോർഡ് വെബ് സൈറ്റിലുള്ള 'സർവ്വീസ്പ്ലസ്' പോർട്ടൽ വഴി ഒക്ടോബർ 15 വരെ സംഘങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും അപ് ലോർഡ് ചെയ്യേണ്ടതാണ്. ഹെക്ടർ ന് പരാമാവധി 4000 രൂപാ വീതമാണ് ധനസഹായം. വിശദവിവരങ്ങൾക്ക് റബ്ബർബോർഡിന്റെ വെബ് സൈറ്റായ www.rubberboard.gov.in സന്ദർശിക്കുകയോ, റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ വഴിയോ കേന്ദ്ര ഓഫീസിൽ പ്രവർത്തിക്കുന്ന 0481-2576622 എന്ന കോൾസെന്റർ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.